# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2409 19.06.2013-ൽ മറുപടിക്ക്

## മഴവെള്ളം സംഭരണത്തിനും സംരക്ഷണത്തിനും നടപടി

| ചോദ്യം<br>ശ്രീ.എം.ഹംസ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ വർഷക്കാലത്തെ മഴവെള്ളത്തെ നാടിന് എങ്ങനെ മുതൽക്കൂട്ടാക്കാമെന്ന കാര്യത്തിൽ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ; | (എ) | പഠനം നടത്തിയിട്ടില്ല |
| (ബി) | ഇതരവകുപ്പുകളുമായി സഹകരിച്ച് മഴവെള്ളം സംരക്ഷിക്കുവാനും സംഭരിക്കുവാനും എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | ഇതരവകുപ്പുകളുമായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ച് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന തെരഞ്ഞെടുക്കപ്പെട്ട മലയോര ഗ്രാമപഞ്ചായത്തുകളിലെ കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകി വരുന്നു. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 8 കോടി രൂപ നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മഴവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്ന തിനായി പൊതുജനാവബോധം സൃഷ്ടിക്കുന്ന തിനായി എന്തെല്ലാം നൂതന പദ്ധതികൾ ആവിഷ്കരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | ജലനിധി പദ്ധതിയുടെ ഭാഗമായും, ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സി.സി.ഡി.യുവും വിവര വിജ്ഞാന വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി മഴവെള്ളം സംഭരിക്കുന്നതിന് ആസ്പദമായി തയ്യാറാക്കിയ ലഘുലേഖകൾ, പോസ്റ്ററുകൾ, കൈപുസ്തകങ്ങൾ തുടങ്ങിയവ ഇതിനോടകം ഗ്രാമപഞ്ചായത്തുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും (ആകാശവാണി, എഫ്.എം., ദൂരദർശൻ) ബോധവൽക്കരണ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ജലനിധി പദ്ധതിയിലൂടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് പാലക്കാട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ? | (ഡി) | ഒന്നാം ഘട്ട ജലനിധി പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 20 ഗ്രാമപഞ്ചായത്തുകളിൽ 676 പദ്ധതികൾ പൂർത്തീകരിക്കുകയും 36089 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുവാനും സാധിച്ചു. ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 19775 പുതിയ കക്കൂസുകളും 341 ആഴംകൂടിയ കക്കൂസുകളെ ആഴം കുറഞ്ഞ ഇരട്ടക്കുഴി കക്കൂസുകളായി മാറ്റുകയും ചെയ്തു. കൂടാതെ ജലനിധി പദ്ധതിയുടെ ഭാഗമായി 2183 കുടുംബങ്ങൾക്ക് മഴവെള്ള |

സംഭരണിയും നിർമ്മിച്ചു നൽകിയിട്ടുണ്ട്. രണ്ടാം ഘട്ട ജലനിധി പദ്ധതിയിൽ ഇതുവരെ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ ജലനിധിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ